REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** **25-10-2025** **സമയം** **06.45 AM**

## പ്രധാന വാർത്തകൾ

- **തിരഞ്ഞെടുപ്പുകളിൽ നിർമ്മിതബുദ്ധി പ്രചാരണം ഉത്തരവാദിത്വത്തോടെ മാത്രം നടത്തണമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ.**
- **വികസനത്തിൽ രാഷ്ട്രീയമില്ലെന്നാണ് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സന്ദേശമെന്ന് കേന്ദ്ര സഹമന്ത്രി V സോമണ്ണ.**
- **PM ശ്രീ പദ്ധതിയിൽ സംസ്ഥാനത്തിന്റെ സ്വാഗതാർഹ നിലപാട് വൈകിവന്ന വിവേകമാണെന്ന് BJP സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ.**
- **കാലാവസ്ഥാ വ്യതിയാനത്തിനെതിരെ പ്രതിരോധ ശേഷി നേടിയ നാട്ടിൻപുറ സ്പീഷിസുകളുടെ സംരക്ഷണം അത്യാവശ്യമാണെന്ന് മന്ത്രി A.K ശശീന്ദ്രൻ.**
- **സംസ്ഥാന സ്കൂൾ കായികമേളയിൽ തിരുവനന്തപുരം മുന്നേറ്റം തുടരുന്നു.**

## വാർത്തകൾ വിശദമായി

തിരഞ്ഞെടുപ്പുകളിൽ നിർമ്മിതബുദ്ധിയും, കൃത്രിമമായി സൃഷ്ടിക്കുന്ന വിവരങ്ങളും ഉത്തരവാദിത്വത്തോടെ മാത്രം നടത്തണമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ, രാഷ്ട്രീയപാർട്ടികൾക്കും, സ്ഥാനാർത്ഥികൾക്കും നിർദ്ദേശം നൽകി. പ്രചാരണരംഗത്ത് തെറ്റിദ്ധാരണാജനകമായ രീതിയിൽ ഇവ ഉപയോഗിക്കരുതെന്നും കമ്മീഷൻ ആവശ്യപ്പെട്ടു.

ഡെസ്ക്ക് റിപ്പോർട്ട്

....(വോയ്സ്)....

നിർമ്മിതബുദ്ധി ഉപയോഗിച്ച് തയ്യാറാക്കുന്ന ചിത്രങ്ങളിലും, ശബ്ദങ്ങളിലും, വിഡിയോകളിലും അക്കാര്യം വ്യക്തമാക്കുന്ന ലേബലുകൾ നൽകണമെന്ന് തിരഞ്ഞെടുപ്പ് കമ്മീഷൻ ആവശ്യപ്പെട്ടു. പരസ്യത്തിന്റെ പത്ത് ശതമാനം ഇടത്തിലെങ്കിലും ഇത്തരം രേഖപ്പെടുത്തൽ വേണമെന്നാണ് കമ്മീഷന്റെ നിർദ്ദേശം. തയ്യാറാക്കുന്ന സ്ഥാപനത്തിന്റെ പേരും പ്രചാരണ സാമഗ്രിയിൽ വ്യക്തമാക്കണം. വ്യക്തികളെ വികലമായും, തെറ്റായും ചിത്രീകരിക്കുന്ന നിർമ്മിതബുദ്ധി പ്രചാരണം പാടില്ല. ബന്ധപ്പെട്ട പാർട്ടി AI / സിന്തറ്റിക് പ്രചാരണവുമായി ബന്ധപ്പെട്ട രേഖകൾ കൃത്യമായി സൂക്ഷിക്കണമെന്നും കമ്മീഷൻ ആവശ്യപ്പെട്ടു.

✪✪✪

വികസനത്തിൽ രാഷ്ട്രീയമില്ലന്നാണ് പ്രധാനമന്ത്രി നരേന്ദ്ര മോദിയുടെ സന്ദേശമെന്ന് കേന്ദ്ര സഹമന്ത്രി V സോമണ്ണ പറഞ്ഞു. കഴിഞ്ഞ ബജറ്റിൽ കേരളത്തിന്റെ റയിൽവേ വികസനത്തിന് വലിയ തുകയാണ് കേന്ദ്രം അനുവദിച്ചതെന്നും, സംസ്ഥാനത്തെ ദേശീയപാത വികസനം പുരോഗമിക്കുകയാണെന്നും അദ്ദേഹം കോഴിക്കോട്ട് പറഞ്ഞു.

കോഴിക്കോട് റെയിൽവേ സ്റ്റേഷൻ പുനർവികസന പ്രവൃത്തികൾ വിലയിരുത്തിയ ശേഷം മാധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു കേന്ദ്ര സഹമന്ത്രി.

✪✪✪

മലബാർ മേഖലയിൽ കൂടുതൽ ട്രെയിനുകൾ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് BJP കോഴിക്കോട് ജില്ല പ്രസിഡന്റ് KP പ്രകാശ് ബാബുവിന്റെ നേതൃത്വത്തിൽ റെയിൽവേ സഹമന്ത്രി V. സോമണ്ണയ്ക്ക് നിവേദനം നൽകി. കണ്ണൂർ - യശ്വന്ത്പുര ട്രെയിൻ കോഴിക്കോട് വരെ നീട്ടണമെന്നും, മംഗലാപുരം - രാമേശ്വരം ട്രെയിൻ ആരംഭിക്കണമെന്നും അവർ ആവശ്യപ്പെട്ടു. ഇക്കാര്യത്തിൽ ഉചിത നടപടി എടുക്കാമെന്നും, ഷൊർണൂർ - കണ്ണൂർ റൂട്ടിലെ വൈകുന്നേരങ്ങളിലെ യാത്രാ പ്രശ്നം ഉടൻ പരിഹരിക്കാമെന്നും സഹമന്ത്രി ഉറപ്പ് നല്കിയതായി പ്രകാശ് ബാബു അറിയിച്ചു.

✪✪✪

നൂതന അതിവേഗ പട്രോൾ വെസ്സലുകളായ ICG അജിത്തും, ICG അപരാജിതും ഗോവ ഷിപ്‌യാർഡിൽ കോസ്റ്റ് ഗാർഡ് പുറത്തിറക്കി. തദ്ദേശീയമായി നിർമ്മിച്ച എട്ട് അതിവേഗ പട്രോൾ വെസ്സലുകളുടെ

പരമ്പരയിലെ ഏഴാമത്തെയും എട്ടാമത്തെയും വെസലുകളാണ് ഇവയെന്ന് രാജ്യരക്ഷാ മന്ത്രാലയം അറിയിച്ചു.

✪✪✪

ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് ബിൽ കരടിനെക്കുറിച്ച് അഭിപ്രായങ്ങളും, നിർദ്ദേശങ്ങളും അറിയിക്കാൻ നവംബർ മൂന്ന് വരെ സമയം അനുവദിച്ചു. സ്റ്റാറ്റിസ്റ്റിക്കൽ മന്ത്രാലയത്തിന്റെ വെബ്സൈറ്റിൽ ബില്ലിന്റെ കരട് ലഭ്യമാണ്.

✪✪✪

സെപ്റ്റംബർ 22 ന് നരേന്ദ്രമോദി ഗവൺമെന്റ് കൊണ്ടുവന്ന വരുംതലമുറ GST പരിഷ്ക്കരണം എല്ലാ മേഖലയിലെയും ജനങ്ങൾക്ക് പ്രയോജനകരമായി മാറിക്കഴിഞ്ഞു. ഭവന നിർമ്മാണ മേഖലയിലെ GST പരിഷ്ക്കരണത്തിന്റെ ഗുണഫലങ്ങളെക്കുറിച്ച് തയ്യാറാക്കിയ റിപ്പോർട്ട്.

......(വോയ്സ്).....

കെട്ടിടനിർമ്മാണ സാമഗ്രികളുടെ GST നിരക്കിളവിലൂടെ ഭവന നിർമ്മാണ മേഖലയിൽ പുതിയ ഉണർവ് ദൃശ്യമായിക്കഴിഞ്ഞു. മാർബിളിന്റെയും, ഗ്രാനൈറ്റിന്റെയും GST 12 ശതമാനത്തിൽ നിന്ന് അഞ്ച് ശതമാനമായി കുറച്ചതോടെ സാധാരണക്കാരുടെ ഭവന നിർമ്മാണ സ്വപ്നങ്ങൾ യാഥാർത്ഥ്യമായി മാറിയിരിക്കുകയാണ്. പ്രധാന നിർമ്മാണ സാമഗ്രിയായ സിമന്റിന് ഈടാക്കിയിരുന്ന 28 ശതമാനം GST 18 ആക്കി ചുരുക്കിയതോടെ നിർമ്മാണ ചെലവ് വലിയതോതിൽ കുറഞ്ഞു. ചുണ്ണാമ്പ്- മണൽ ഇഷ്ടികയുടെ GST യും 12 ശതമാനത്തിൽ നിന്ന് അഞ്ചാക്കി ചുരുക്കി. നിർമ്മാണ മേഖലയിൽ നിരക്കിളവ് വലിയ ആശ്വാസമായെന്ന് നിർമ്മാണക്കമ്പനികളും വിലയിരുത്തുന്നു.

✪✪✪

നാഷണൽ ഹൈവേ ടോൾ പ്ലാസകളിൽ പ്രതിമാസ, വാർഷിക പാസുകളുടെ വിശദ വിവരങ്ങൾ പ്രദർശിപ്പിക്കണമെന്ന് നാഷണൽ ഹൈവേ അതോറിറ്റി ഫീൽഡ് ഓഫീസുകൾക്ക് നിർദ്ദേശം നൽകി. ടോൾ പ്ലാസ അപ്രോച്ചുകൾ, ഉപഭോക്തൃ സേവന മേഖലകൾ, എൻട്രി, എക്സിറ്റ് പോയിന്റുകൾ എന്നിവയ്ക്ക് സൈൻ ബോർഡുകളിൽ വിവരങ്ങൾ നൽകുമെന്നും മന്ത്രാലയം അറിയിച്ചു.

✪✪✪

PM ശ്രീ പദ്ധതിയിൽ സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന്റെ സ്വാഗതാർഹ നിലപാട് വൈകിവന്ന വിവേകമാണെന്ന് BJP സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ പറഞ്ഞു. കേന്ദ്ര ഫണ്ടിന് വേണ്ടി മാത്രമല്ല കേരളം പദ്ധതി നടപ്പാക്കുന്നത്. PM ശ്രീയുടെ കുഴപ്പമെന്താണെന്ന വകുപ്പു മന്ത്രിയുടെ പ്രസ്താവന അതിനു തെളിവാണെന്നും രാജീവ് ചന്ദ്രശേഖർ തിരുവനന്തപുരത്ത് പറഞ്ഞു. PM ശ്രീ പദ്ധതിയിൽ സംസ്ഥാന ഗവൺമെന്റ് ഔദ്യോഗികമായി ഒപ്പിട്ടതോടെ ഇതുവരെ നിഷേധിച്ചിരുന്ന വിദ്യാഭ്യാസ നവീകരണം വിദ്യാർത്ഥികൾക്ക് ലഭ്യമാകുമെന്നും രാജീവ് ചന്ദ്രശേഖർ പ്രസ്താവനയിൽ വ്യക്തമാക്കി.

✪✪✪

ശബരിമലയിലെ സ്വർണ്ണക്കൊള്ളയ്ക്കെതിരെ BJP യുടെ രാപ്പകൽ സെക്രട്ടേറിയറ്റ് ഉപരോധം ആരംഭിച്ചു. ഇന്നലെ വൈകിട്ട് സെക്രട്ടേറിയറ്റിന് മുന്നിലെ സമരഗേറ്റിലേക്ക് പ്രകടനമായെത്തിയ BJP പ്രവർത്തകരും, നേതാക്കളുമാണ് സമരം തുടങ്ങിയത്. രാവിലെ BJP സംസ്ഥാന പ്രസിഡണ്ട് രാജീവ് ചന്ദ്രശേഖർ ഉപരോധം ഉദ്ഘാടനം ചെയ്യും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടിയായ മൻ കി ബാത്തിലൂടെ നാളെ ജനങ്ങളുമായി ആശയങ്ങൾ പങ്കുവയ്ക്കും. പരിപാടിയുടെ 127 -ാം പതിപ്പാണിത്. ആകാശവാണിയുടെ എല്ലാ നിലയങ്ങളിലൂടെയും ദൂരദർശനിലൂടെയും മൻ കി ബാത്ത് കേൾക്കാം.

✪✪✪

കാലാവസ്ഥാ വ്യതിയാനത്തിനെതിരെ പ്രതിരോധ ശേഷി നേടിയ നാട്ടിൻപുറ സ്പീഷിസുകളുടെ സംരക്ഷണം അത്യാവശ്യമാണെന്ന് മന്ത്രി A.K ശശീന്ദ്രൻ പറഞ്ഞു. കാർഷിക ജൈവവൈവിധ്യ സ്പീഷിസ് പ്രഖ്യാപന പരിപാടി കാസർഗോട്ട് ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

കാസർകോട് കുള്ളൻ പശുവും, ബേഡകം തെങ്ങും മന്ത്രി പുതിയ സ്പീഷിസുകളായി പ്രഖ്യാപിച്ചു. ജൈവവൈവിധ്യങ്ങളുടെ നാശം പ്രകൃതിനാശത്തിലേക്കും അതിലൂടെ മനുഷ്യനാശത്തിലേക്കും നയിക്കുമെന്ന് ശശീന്ദ്രൻ അഭിപ്രായപ്പെട്ടു.

മറ്റൊരു ചടങ്ങിൽ കാസർകോട് ജില്ലാപഞ്ചായത്ത് കുടുംബശ്രീയുമായി ചേർന്ന് ആരംഭിച്ച സ്വാതി ഓഫ്സെറ്റ് പ്രിന്റിംഗ് പ്രസിന്റെ പുതിയ കെട്ടിടവും, ഇൻകുബേഷൻ സെന്ററും മന്ത്രി ഉദ്ഘാടനം ചെയ്തു. കുടുംബശ്രീ യുക്തിസഹവും, ശാസ്ത്രീയവും, പാരിസ്ഥിതിക ബോധത്തിൽ ഊന്നിയതുമായ പ്രവർത്തനങ്ങൾ ഏറ്റെടുക്കണമെന്ന് ശശീന്ദ്രൻ ആവശ്യപ്പെട്ടു.

✪✪✪

സംസ്ഥാനത്ത് വരും ദിവസങ്ങളിലും മഴ തുടരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ് അറിയിച്ചു. ഇന്ന് കണ്ണൂർ കാസർകോട് ജില്ലകളിൽ മഞ്ഞ ജാഗ്രത നൽകി. കേരള കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ നാളെ വരെ മീൻ പിടുത്തക്കാർ കടലിൽ പോകരുതെന്നും നിർദേശമുണ്ട്.

✪✪✪

കൊല്ലം ജില്ലയിൽ ഇന്നലെ മഴയിലും കാറ്റിലും നാല് വീടുകൾ തകർന്നു. കൊല്ലം താലൂക്കിൽ രണ്ടും, കൊട്ടാരക്കര - കുന്നത്തൂർ താലൂക്കുകളിൽ ഓരോ വീടുകളുമാണ് തകർന്നത്.

✪✪✪

സംസ്ഥാന സ്കൂൾ കായികമേളയിൽ തിരുവനന്തപുരം ജില്ല കുതിപ്പ് തുടരുന്നു. 1,935 പോയിന്റാണ് തിരുവനന്തപുരം ഇതുവരെ നേടിയത്. 227 സ്വർണ്ണവും, 150 വെള്ളിയും, 164 വെങ്കലവും അവർ സ്വന്തമാക്കി.

848 പോയിന്റുമായി തൃശൂർ രണ്ടാമതും, 824 പോയിന്റുമായി മലപ്പുറം മൂന്നാം സ്ഥാനത്തുമാണ്. 761 പോയിന്റുമായി പാലക്കാട് നാലാം സ്ഥാനത്തുണ്ട്.

ഗെയിംസിലും നീന്തലിലും തിരുവനന്തപുരം തന്നെയാണ് മുന്നിൽ - 1,213 പോയിന്റ്. 744 പോയിന്റുമായി തൃശ്ശൂർ രണ്ടാം സ്ഥാനത്തുണ്ട്, 673 പോയിന്റുമായി കണ്ണൂരാണ് മൂന്നാം സ്ഥാനത്ത്.

അത്ലറ്റിക്സിൽ 247 പോയിന്റുമായി മലപ്പുറം മുന്നേറുന്നു. 213 പോയിന്റ് നേടിയ പാലക്കാടാണ് രണ്ടാം സ്ഥാനത്ത്.

✪✪✪

ഇന്ത്യ- ഓസ്ട്രേലിയ ഏകദിന ക്രിക്കറ്റ് പരമ്പരയിലെ മൂന്നാമത്തെയും, അവസാനത്തെയും മത്സരം രാവിലെ സിഡ്നിയിൽ ആരംഭിക്കും. പരമ്പര സ്വന്തമാക്കിയ ഓസ്ട്രേലിയക്കെതിരെ ആശ്വാസജയം ലക്ഷ്യമിട്ടാണ് ടീം ഇന്ത്യ ഗ്രൗണ്ടിലിറങ്ങുന്നത്.

✪✪✪

ICC വനിതാ ഏകദിന ക്രിക്കറ്റ് ലോകകപ്പിൽ ശ്രീലങ്ക- പാകിസ്താൻ മത്സരം മഴയെ തുടർന്ന് ഉപേക്ഷിച്ചു. ഇരുടീമുകളും ഓരോ പോയിന്റ് പങ്കുവെച്ചു. ടൂർണമെന്റിൽ ഇത് അഞ്ചാം മത്സരമാണ് മഴയെ തുടർന്ന് വേണ്ടെന്നുവെയ്ക്കുന്നത്.

ഇന്ന് ഓസ്ട്രേലിയ, ദക്ഷിണാഫ്രിക്കയെ നേരിടും. ഇൻഡോറിൽ ഉച്ചകഴിഞ്ഞ് മൂന്നിന് മത്സരം തുടങ്ങും.

✪✪✪

അണ്ടർ - 23 ലോക ഗുസ്തി ചാമ്പ്യൻഷിപ്പിൽ വനിതാ താരങ്ങളായ ഹൻഷിക ലാമ്പയും, സരിക മാലികും ഫൈനലിലെത്തി. ജാപ്പനീസ് താരങ്ങളുമായി ഇന്ന് ഫൈനലിൽ അവർ ഏറ്റുമുട്ടും. വനിതാ ഗുസ്തി ടീം ഇതുവരെ അഞ്ച് വെങ്കലമെഡൽ നേടിയിട്ടുണ്ട്.

✪✪✪

മുൻ മുഖ്യമന്ത്രി V.S അച്യുതാനന്ദന്റെ സ്മരണയ്ക്കായി നവീകരിച്ച തിരൂർ ബ്ലോക്ക് പഞ്ചായത്ത് ഓഡിറ്റോറിയം ഉച്ചയ്ക്ക് മന്ത്രി V. അബ്ദുറഹ്മാൻ ഉദ്ഘാടനം ചെയ്യും. ഓഡിറ്റോറിയത്തെ VS അച്യുതാനന്ദൻ സ്മാരക ഓഡിറ്റോറിയം എന്ന് പുനർ നാമകരണം ചെയ്യും.

✪✪✪

കേരളത്തിലേക്ക് വിൽപ്പനയ്ക്ക് കടത്തിക്കൊണ്ടു വന്ന നാൽപ്പത്തിയാറര കിലോ കഞ്ചാവുമായി അമ്മയും, രണ്ടു മക്കളും ഉൾപ്പെടെ നാലു പേർ പിടിയിലായി. ആന്ധ്ര സ്വദേശികളാണ് കമ്പം പോലീസിന്റെ പിടിയിലായത്.

ആഡംബര കാറിൽ എത്തിയ കുടുംബത്തെ കുമളിക്ക് സമീപം തമിഴ്നാട് പോലീസ് തടയുകയായിരുന്നു.

✪✪✪

ജോയിന്റ് കൗൺസിലിന്റെ നേതൃത്വത്തിൽ ഗവൺമെന്റ് ജീവനക്കാർ അഴിമതിവിരുദ്ധ പോരാട്ടത്തിന്റെ ഭാഗമായി ഇന്ന് സംസ്ഥാന വ്യാപകമായി ഓഫീസ് സമുച്ചയങ്ങൾ കേന്ദ്രീകരിച്ച് "സ്വാഭിമാന സദസ്സുകൾ" സംഘടിപ്പിക്കും. അഴിമതി വിരുദ്ധ സോഷ്യൽ ഓഡിറ്റിങ്ങിനും ഇന്ന് തുടക്കം കുറിക്കുമെന്ന് സംസ്ഥാന ഭാരവാഹികൾ തിരുവനന്തപുരത്ത് അറിയിച്ചു.

✪✪✪

താമരശ്ശേരി കട്ടിപ്പാറയിലെ ഫ്രഷ് കട്ട് അറവു മാലിന്യ സംസ്കരണ കേന്ദ്രവുമായി ബന്ധപ്പെട്ട് അടുത്ത ബുധനാഴ്ച സർവകക്ഷി യോഗം വിളിക്കുമെന്ന് ജില്ലാ കലക്ടർ സ്നേഹിൽ കുമാർ സിംഗ് അറിയിച്ചു. യോഗത്തിന് മുമ്പ് മാലിന്യ സംസ്കരണ കേന്ദ്രം സന്ദർശിച്ച് റിപ്പോർട്ട് നൽകാൻ ശുചിത്വമിഷൻ, മലിനീകരണ നിയന്ത്രണ ബോർഡ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയതായും കലക്ടർ പറഞ്ഞു.

പ്ലാന്റിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട ജനങ്ങളുടെ പ്രശ്നം പരിഹരിക്കപ്പെടാതെ പോകുന്നത് പ്രതിഷേധങ്ങൾ ശക്തമാകാനും, ക്രമസമാധാന പ്രശ്നത്തിന് കാരണമാകാനും ഇടയുണ്ടെന്ന് MK രാഘവൻ MP കലക്ടറെ അറിയിച്ചു.

✪✪✪

ടൂറിസം വകുപ്പിന്റെ 'വിഷൻ 2031- "ലോകം കൊതിക്കും കേരളം" ഏകദിന ശിൽപ്പശാല രാവിലെ ഇടുക്കി കുട്ടിക്കാനം മരിയൻ കോളജിൽ മന്ത്രി KN. ബാലഗോപാൽ ഉദ്ഘാടനം ചെയ്യും. മന്ത്രി റോഷി അഗസ്റ്റിൻ അധ്യക്ഷനാകുന്ന യോഗത്തിൽ, മന്ത്രി PA. മുഹമ്മദ് റിയാസ് നയരേഖ അവതരിപ്പിക്കും.

✪✪✪

സംസ്ഥാനത്തെ എല്ലാ കുടുംബങ്ങളിലും സുസ്ഥിര ജലവിതരണം ഉറപ്പാക്കുകയാണ് ഗവൺമെന്റിന്റെ ലക്ഷ്യമെന്ന് മന്ത്രി റോഷി അഗസ്റ്റിൻ പറഞ്ഞു. കട്ടപ്പന നഗരസഭയിലെ കുടിവെള്ള പദ്ധതിയുടെ നിർമ്മാണം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.

✪✪✪

ഇടുക്കി നഴ്സിംഗ് കോളേജിലെ വിദ്യാർഥികൾക്ക് പൈനാവിലെ വർക്കിംഗ് വിമൻസ് ഹോസ്റ്റലിലും, MBBS വിദ്യാർഥികളുടെ ഹോസ്റ്റലിലും ഒഴിഞ്ഞു കിടക്കുന്ന മുറികളിൽ താമസ സൗകര്യമൊരുക്കാൻ ജില്ലാകലക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗം തീരുമാനിച്ചു. ആൺകുട്ടികൾക്ക് മെഡിക്കൽ കോളേജിലെ ജീവനക്കാരുടെ ക്വാർട്ടേഴ്സിലും താമസ സൗകര്യം ഒരുക്കും.

✪✪✪

---

*News Editor & News Reader: അനിൽ ചന്ദ്രൻ*
*NRTs: രജിന കെ ആസാദ്, ശ്രീജി പൂവ്വത്തിങ്കൽ*
*DEO : ഷീബ*